**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 320** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഇ-സേവനം ഏകീകൃത പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. നന്ദകുമാർ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സർക്കാരിന്റെ വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾ ജനങ്ങൾക്ക് അനായാസം ലഭ്യമാക്കുന്നതിന് ഇ-സേവനം എന്ന ഏകീകൃത പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. ജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ സർക്കാരിന്റെ എല്ലാ സേവനങ്ങളും ഒരു ഏകീകൃത പോർട്ടലിലൂടെ ലഭ്യമാവേണ്ടത് അനിവാര്യമാണ്. എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തങ്ങളുടെ വീടുകളിൽ ഇരുന്നുതന്നെ ജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്നതിനായി 'e-സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലും ‘m–സേവനം’ എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകുകയും, അവ 01.10.2021ൽ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. https://services.kerala.gov.in/ എന്ന URL മുഖേന വിവിധ വകുപ്പുകളുടെ സേവനങ്ങൾക്കായി പൊതുജനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| (ബി) | ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ തിരയുന്നതിനും കണ്ടുപിടിക്കുന്നതിനുമായി സേവനങ്ങളെ തരംതിരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | 'e-സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലിൽ വിവിധ വകുപ്പുകളുടെ 500-ലധികം സേവനങ്ങൾ ആദ്യഘട്ടമെന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പ് അടിസ്ഥാനത്തിലും ഉപയോക്താക്കളുടെ അടിസ്ഥാനത്തിലും സേവനങ്ങളെ രണ്ടായി തരംതിരിച്ചാണ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിൽ തെരയുന്നതിനും കണ്ടെത്തുന്നതിനുമായി സേവനങ്ങളെ ഉപയോക്താക്കളുടെ അടിസ്ഥാനത്തിൽ കർഷകർ, വിദ്യാർത്ഥികൾ, സ്ത്രീകളും കുട്ടികളും, യുവജനങ്ങളും നൈപുണ്യ വികസനവും, സാമൂഹ്യസുരക്ഷയും പെൻഷൻകാരും, വാണിജ്യം, പൊതുവായ സേവനങ്ങൾ, ഉപയോഗ സേവനങ്ങൾ, മറ്റു സേവനങ്ങൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. കൂടാതെ, വിവിധ വകുപ്പുകളുടെ സേവനങ്ങൾ അക്ഷരമാലാ ക്രമത്തിലും ലഭ്യമാണ്. |

| | | | |
|---|---|---|---|
| (സി) | കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ, ഉത്തരവുകൾ, അറിയിപ്പുകൾ, വിജ്ഞാപനങ്ങൾ തുടങ്ങിയവ എളുപ്പത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | സർക്കാരിന്റെ വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ, ഉത്തരവുകൾ, അറിയിപ്പുകൾ, വിജ്ഞാപനങ്ങൾ, ടെൻഡറുകൾ എന്നിവയെല്ലാം ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന ഡോക്യുമെന്റ് പോർട്ടലും കേരള സ്റ്റേറ്റ് പോർട്ടലിന്റെ ഭാഗമായി വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ